# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1041** **13.06.2013 -ലെ മറുപടിക്ക്.**

## ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) മുൻവർഷങ്ങളിൽ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകളിലും സ്കൂളുകളിലുമായി എത്ര അദ്ധ്യാപക തസ്തികകൾ അംഗീകരിച്ചു നൽകാനുണ്ടെന്ന് എയ്ഡഡ് , സർക്കാർ മേഖലകൾ തരം തിരിച്ച് വ്യക്തമാക്കുമോ . | (എ) | 2011-12 ,2012- 13 അദ്ധ്യയന വർഷങ്ങളിൽ എയ്ഡഡ്, സർക്കാർ മേഖലകളിലായി അനുവദിച്ചിട്ടുള്ള ഹയർസെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലുമായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസലുകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) പുതുതായി എത്ര സ്കൂളുകളിൽ ഹയർ സെക്കൻഡറി അനുവദിക്കാനും എത്ര സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുവാനും ആണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ; | (ബി) | ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 ഗ്രാമപഞ്ചായത്തുകളിൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരുസ്കൂളിൽ 2 ബാച്ചുകൾ വീതവും എറണാകുളം മുതൽ വടക്കോട്ടുള്ള 8 ജില്ലകളിൽ 382 അധിക ബാച്ചുകളും അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മുൻ വർഷങ്ങളിൽ ഇവ അനുവദിച്ച സ്കൂളുകളിൽ, തസ്തികകൾ അനുവദിച്ച് അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പുതുതായി അനുവദിക്കുന്ന സ്കൂളുകളിലും ബാച്ചുകളിലുമായി എത്ര പുതിയ തസ്തികകൾ വേണമെന്നും അതിന് എത്ര ബാധ്യത വരുമെന്നും അറിയിക്കാമോ? | (ഡി) | തസ്തികകളുടെ എണ്ണവും സാമ്പത്തിക ബാധ്യതയും കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ